# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2444** 17.08.2017 -ലെ മറുപടി

## സംസ്ഥാനത്തെ ജലവിഭവസമ്പത്ത് സംരക്ഷിക്കുന്നതിന് നടപടി

### ചോദ്യം

ശ്രീ.പി.കെ.ശശി

(എ) "വാട്ടർ റിസോഴ്സസ് ഓഫ് ലാറ്ററൽ- 2014" പ്രസിദ്ധീകരിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ 44 പ്രധാനനദികളും 14 പ്രധാന കായലുകളും ഏതെല്ലാം; അവയുടെ നിലവിലെ അവസ്ഥ എന്ത് എന്നും ഇവ ഓരോന്നിന്റെയും സംരക്ഷണത്തിനും അവ മാലിന്യമുക്തമാക്കുന്നതിനും സ്വീകരിച്ച നടപടികൾ സംബന്ധിച്ചും വിശദമാക്കുമോ; ഓരോന്നിലും എത്ര നീരൊഴുക്ക് കുറഞ്ഞു എന്നും ആയതിന് കാരണം എന്ത് എന്നും വ്യക്തമാക്കുമോ;

(സി) ഇവയിൽ ഓരോന്നിന്റേയും യഥാർത്ഥ വിസ്തൃതി എത്രയായിരുന്നു എന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്ത് എന്നും എൻക്രോച്ച്മെന്റ്, സിൽറ്റേഷൻ എന്നിവയുടെ തോത് എത്ര എന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ 40974 കുളങ്ങളുടെ നിലവിലെ അവസ്ഥയും അതിൽ സംരക്ഷിതമായി നിലനില്ക്കുന്ന കുളങ്ങളുടെ എണ്ണവും ശേഷിക്കുന്നവ സംരക്ഷിക്കാൻ സ്വീകരിച്ചുവരുന്ന നടപടികളും വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ നദികൾ, കായലുകൾ എന്നിവകളിൽ കഴിഞ്ഞ അഞ്ചു വർഷമായി നടത്തിയ സംരക്ഷണ പ്രവൃത്തികൾ എന്തെല്ലാം എന്നും ഓരോ വർഷവും ഇവയിൽ ഓരോന്നിനും ചെലവാക്കിയ തുക എത്ര എന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ?

### മറുപടി

മാത്യു.ടി തോമസ്

(ജലവിഭവ വകുപ്പുമന്ത്രി)

(എ) "വാട്ടർ റിസോഴ്സസ് ഓഫ് ലാറ്ററൽ- 2014" എന്ന പ്രസിദ്ധീകരണം സംബന്ധിച്ച വിവരം ലഭ്യമല്ല. "വാട്ടർ റിസോഴ്സസ് ഓഫ് കേരള 2014 " പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി)
(സി) നദികൾ, നീർത്തട വിസ്തൃതി, കായലുകൾ സംബന്ധിച്ച വിവരം അനുബന്ധം 1-ൽ ചേർക്കുന്നു.

അന്തർ സംസ്ഥാന നദികളിൽ കേരളത്തിനകത്തുള്ള നീർത്തട വിസ്തീർണ്ണം മാത്രമാണ് സൂചിപ്പിച്ചിട്ടുള്ളത്. കായലുകളുടെ വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ കണക്കാക്കേണ്ടതുണ്ട്.

കയ്യേറ്റം സംബന്ധിച്ച കൃത്യമായ പട്ടിക തയ്യാറാക്കിയിട്ടില്ല. റവന്യൂവകുപ്പുമായി ചേർന്ന് സർവ്വേ നടത്തി കയ്യേറ്റം തിട്ടപ്പെടുത്തേണ്ടതുണ്ട്.

(ഡി) നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കുളങ്ങളെ സംരക്ഷിക്കുന്നതിനായി പ്ലാൻ ഫണ്ട്, ഹരിതകേരളം പദ്ധതി എന്നിവയിലുൾപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു. കുളങ്ങളുടെ എണ്ണം സംബന്ധിച്ച വിവരം കണക്കാക്കേണ്ടതുണ്ട്.

(ഇ) സംസ്ഥാനത്തെ നദികളും തോടുകളും സംരക്ഷിക്കുന്നതിനായി പദ്ധതിയേതര ശീർഷകത്തിൽ വെള്ളപ്പൊക്കകെടുതി (FD) വെള്ളപ്പൊക്ക നിയന്ത്രണം (FC) എന്നിങ്ങനെ സംരക്ഷണ പ്രവൃത്തികൾ നടത്താറുണ്ട്. ചെലവാക്കിയ തുക സംബന്ധിച്ച വിവരം അനുബന്ധം 2 -ൽ ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം-1

| ക്രമ നം. | നദികളുടെ പേര് | നീർത്തട വിസ്തീർണ്ണം |
|---|---|---|
| 1 | മഞ്ചേശ്വരം | 90 സ്ക്വയർ കി.മീ. |
| 2 | ഉപ്പളം | 76 സ്ക്വയർ കി.മീ. |
| 3 | ഷിറിയ | 290 സ്ക്വയർ കി.മീ. |
| 4 | മൊഗ്രാൾ | 132 സ്ക്വയർ കി.മീ. |
| 5 | ചന്ദ്രഗിരി | 570 സ്ക്വയർ കി.മീ. |
| 6 | ചിറ്റാരി | 145 സ്ക്വയർ കി.മീ. |
| 7 | നീലേശ്വരം | 190 സ്ക്വയർ കി.മീ. |
| 8 | കരിയഗോട് | 429 സ്ക്വയർ കി.മീ. |
| 9 | കവ്വായി | 143 സ്ക്വയർ കി.മീ. |
| 10 | പെരുവമ്പ | 300 സ്ക്വയർ കി.മീ. |
| 11 | രാമപുരം | 52 സ്ക്വയർ കി.മീ. |
| 12 | കുപ്പം | 469 സ്ക്വയർ കി.മീ. |
| 13 | വളപട്ടണം | 1321 സ്ക്വയർ കി.മീ. |
| 14 | അഞ്ചരക്കണ്ടി | 412 സ്ക്വയർ കി.മീ. |
| 15 | തലശ്ശേരി | 132 സ്ക്വയർ കി.മീ. |
| 16 | മാഹി | 394 സ്ക്വയർ കി.മീ. |
| 17 | കുറ്റ്യാടി | 583 സ്ക്വയർ കി.മീ. |
| 18 | കോരപ്പുഴ | 624 സ്ക്വയർ കി.മീ |
| 19 | കല്ലായി | 96 സ്ക്വയർ കി.മീ |
| 20 | ചാലിയാർ | 2535 സ്ക്വയർ കി.മീ |
| 21 | കടലുണ്ടി | 1122 സ്ക്വയർ കി.മീ |
| 22 | തിരൂർ | 117 സ്ക്വയർ കി.മീ |
| 23 | ഭാരതപ്പുഴ | 4400 സ്ക്വയർ കി.മീ |
| 24 | കീച്ചേരി | 401 സ്ക്വയർ കി.മീ |

| | | |
|---|---|---|
| 25 | പുഴയ്ക്കൽ | 234 സ്ക്വയർ കി.മീ |
| 26 | കരുവണ്ണൂർ | 1054 സ്ക്വയർ കി.മീ |
| 27 | ചാലക്കുടി | 1404 സ്ക്വയർ കി.മീ |
| 28 | പെരിയാർ | 5284 സ്ക്വയർ കി.മീ |
| 29 | മൂവാറ്റുപുഴ | 1554 സ്ക്വയർ കി.മീ |
| 30 | മീനച്ചിൽ | 1272 സ്ക്വയർ കി.മീ |
| 31 | മണിമല | 847 സ്ക്വയർ കി.മീ |
| 32 | പമ്പ | 2235 സ്ക്വയർ കി.മീ |
| 33 | അച്ചൻകോവിൽ | 1484 സ്ക്വയർ കി.മീ |
| 34 | പള്ളിക്കൽ | 220 സ്ക്വയർ കി.മീ |
| 35 | കല്ലട | 1699 സ്ക്വയർ കി.മീ |
| 36 | ഇത്തിക്കര | 642 സ്ക്വയർ കി.മീ |
| 37 | അയിരൂർ | 66 സ്ക്വയർ കി.മീ |
| 38 | വാമനപുരം | 687 സ്ക്വയർ കി.മീ |
| 39 | മാമം | 114 സ്ക്വയർ കി.മീ |
| 40 | കരമന | 702 സ്ക്വയർ കി.മീ |
| 41 | നെയ്യാർ | 497 സ്ക്വയർ കി.മീ |
| 42 | കബനി (കിഴക്കോട്ടൊഴുകുന്നത്) | 1920 സ്ക്വയർ കി.മീ |
| 43 | ഭവാനി " | 217 സ്ക്വയർ കി.മീ |
| 44 | പാമ്പാർ " | 148 സ്ക്വയർ കി.മീ |

14 പ്രധാനപ്പെട്ട കായലുകൾ താഴെ പറയുന്നു.

1) അഷ്ടമുടി
2) പുന്നമട
3) വേമ്പനാട്
4) ആക്കുളം
5) മാനാഞ്ചിറ
6) വീരാൻ പുഴ
7) വെള്ളായണി
8) പരവൂർ
9) ശാസ്താംകോട്ട
10) പൂക്കോട്
11) കായംകുളം
12) വഞ്ചിക്കുളം
13) ഏനമക്കൽ
14) വേളി

സെക്ഷൻ ഓഫീസർ

[redacted]

അനുബന്ധം - 2

| Year | FD Head(Lakhs) | FC Head (Lakhs) |
|---|---|---|
| 2012-13 | 1160.82 | 1319.28 |
| 2013-14 | 704.54 | 2.30 |
| 2014-15 | 283.03 | 3.45 |
| 2015-16 | 1295.16 | 1185.82 |
| 2016-17 | 1231.21 | 2034.04 |

സെക്ഷൻ ഓഫീസർ